പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 387 — 19-10-2016-ൽ മറുപടിയ്ക്ക്

## പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. എം. സ്വരാജ്**<br>" **എ.എൻ. ഷംസീർ**<br>" **ഐ. ബി. സതീഷ്**<br>" **എം. രാജഗോപാലൻ** | | **ശ്രീ. എ.കെ.ബാലൻ**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലഭിച്ചുവരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ, | എ) | സംസ്ഥാനത്ത് പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കു അനുവദിച്ചുവരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ താഴെപ്പറയുന്നവയാണ്.<br><br>1. പ്രീ.മെട്രിക് സ്കോളർഷിപ്പ്<br>2. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്<br>3. പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്<br>4. അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ് (100% CSS)<br>5. 9,10 ക്ലാസുകളിലെ പ്രീമെട്രിക് സ്കോളർഷിപ്പ് (100% CSS)<br>6. ഗവൺമെന്റ് ഓഫ് ഇന്ത്യാ സ്കോളർഷിപ്പ് (2.5 ലക്ഷം രൂപയിൽതാഴെ വാർഷിക കുടുബ വരുമാനമുള്ളവർക്ക്)<br>7. സ്റ്റെതസ്കോപ്പ് വാങ്ങുന്നതിന് 5,500/-രൂപ<br>8. ലാപ്ടോപ്പ് വാങ്ങുന്നതിന് 25,000/-രൂപ<br>9. പ്രാരംഭച്ചെലവുകൾ<br>10. വൃത്തിഹീന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ മക്കൾക്കായുള്ള. ധനസഹായം<br>11. അയ്യങ്കാളി ടാലന്റ് സെർച്ച് & ഡെവലപ്മെന്റ് സ്കീം<br>12. വിഷൻ 2013- മെഡിക്കൽ/ എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷാ പരിശീലനത്തിന് ധനസഹായം നൽകുന്ന പദ്ധതി.<br>13. പ്രത്യേക പ്രോത്സാഹന സമ്മാനം(എസ്.എസ്.എൽ.സി, +2, ടി.ടി.സി., ഡിപ്ലോമ, ഡിഗ്രി, പി.ജി. പ്രൊഫഷണൽ കോഴ്സുകൾക്ക് ഉന്നത വിജയം കരസ്ഥമാക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക്)<br>14. ബുക്ക് ബാങ്ക് സ്കീം (50% CSS) |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ നഴ്സറി സ്കൂൾ കുട്ടികൾക്ക് ലംപ്സം ഗ്രാന്റ് മാത്രം നൽകി വരുന്നു. പട്ടികവർഗ്ഗ പ്രീമെട്രിക് വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ് എന്നിവ നൽകി വരുന്നു. വാർഷിക കുടുംബ വരുമാനം രണ്ടര ലക്ഷം രൂപവരെയുള്ള 9, 10 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം പ്രതിവർഷം 1500/- രൂപ സ്കോളർഷിപ്പും ബുക്സ്, തുടങ്ങിയ പഠന സാമഗ്രികൾ വാങ്ങുന്നതിന് 750/- രൂപ ഗ്രാന്റിനത്തിലും നൽകുന്നു. ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 1000/- രൂപയും നൽകുന്നുണ്ട്.<br><br>പോസ്റ്റ് മെട്രിക് തലത്തിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വരുമാന പരിധിയില്ലാതെ മുഴുവൻ ഫീസും, വാർഷിക ലംപ്സം ഗ്രാന്റും, പ്രതിമാസ സ്റ്റൈപ്പന്റും നൽകി വരുന്നു. സർക്കാർ/ സർവ്വകലാശാല അംഗീകരിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ എല്ലാ കോഴ്സുകൾക്കും പ്രസ്തുത ആനുകൂല്യം നൽകുന്നുണ്ട്. കോളേജ് ഹോസ്റ്റലുകളിലും മറ്റ് അംഗീകൃത ഹോസ്റ്റലുകളിലും താമസിച്ചു പഠിക്കുന്നവർക്ക് യഥാർത്ഥ താമസ ഭക്ഷണച്ചെലവും പോക്കറ്റു മണിയും നൽകുന്നു. ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 3500/- രൂപ വീതം നൽകുന്നുണ്ട്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിൻ കീഴിലുള്ള പെരിപ്പതറ്റിക് സെന്റർ, ഏകാദ്ധ്യാപക വിദ്യാലയം എന്നിവിടങ്ങളിലെ കുട്ടികൾക്ക് ലംപ്സം ഗ്രാന്റും പ്രതിമാസ സ്റ്റൈപ്പന്റും നൽകുന്നു. |

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം ഈ ആനുകൂല്യങ്ങളിൽ വരുത്തിയ വർദ്ധനവ് എത്ര വീതമെന്ന് വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം പ്രീമെട്രിക്, പോസ്റ്റ് മെട്രിക് കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ മറ്റർഹ വിഭാഗം വിദ്യാർത്ഥികളുടെ ലംപ്സം ഗ്രാന്റും സ്റ്റൈപ്പന്റും 25% വർദ്ധിപ്പിച്ചിട്ടുണ്ട്. (സർക്കാർ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.) |
| സി) | മുൻസർക്കാറിന്റെ കാലത്ത് വിവിധ ആനുകൂല്യങ്ങൾ കുടിശ്ശികയായിരുന്നത് എത്രയെന്നും അതു നൽകാൻ സ്വീകരിച്ച നടപടികളും വ്യക്തമാക്കുമോ ? | സി) | മുൻ സർക്കാർ അധികാരം ഒഴിയുമ്പോൾ പട്ടികജാതി വിഭാഗത്തിൽപ്പെട്ട പ്രീ മെട്രിക് വിദ്യാർത്ഥികൾക്കും പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസാനുകൂല്യങ്ങളിൽ കുടിശ്ശിക ഉണ്ടായിരുന്നില്ല.<br><br>പോസ്റ്റ് മെട്രിക് വിദ്യാഭ്യാസാനുകൂല്യത്തിൽ ഉണ്ടായിരുന്ന കുടിശ്ശിക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.<br><br>എസ്.സി. - 26.30 കോടി<br>ഒ.ഇ.സി. - 116.60 കോടി<br>എസ്.ഇ.ബി.സി - 30.38 കോടി<br>ഒ.ബി.സി - 16.06 കോടി<br><br>കുടിശ്ശിക നൽകുന്നതിന് എസ്.സി.വിഭാഗത്തിന് 100 കോടി രൂപയും ഒ.ഇ.സി./ഒ.ബി.സി/എസ്.ഇ.ബി.സി വിഭാഗങ്ങൾക്കായി 120 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ